"ഭരണഭാഷ- മാതൃഭാഷ"

Break the Chain

കേരള സർക്കാർ

**സംഗ്രഹം**

എൻ.സി.സി. - ചേർത്തല 1-കേരള ഗേൾസ് ഇൻഡിപെൻഡന്റ് കമ്പനി എൻ.സി.സി. ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നം.993/2021/ഉ.വി.വ  തീയതി,തിരുവനന്തപുരം, 03/08/2021

പരാമർശം:-

1. 16-01-2016 ലെ ജി.ഒ. (ആർ.ടി.) 104/2016/ഉ.വി.വ. നം. ഉത്തരവ്.
2. എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 29-2-2020, 11-2-2021 തീയതികളിലെ 8281/ബി4-എസ്റ്റാ/2019/ എൻ.സി.സി. നം. കത്തുകൾ.
3. ആലപ്പുഴ പി. ഡബ്ല്യൂ. ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 29-12-2020-ലെ 07/EE/2020-2021-നം. വാടക നിർണയ സർട്ടിഫിക്കറ്റ്.

**ഉത്തരവ്**

ചേർത്തല 1-കേരള ഗേൾസ് ഇൻഡിപെൻഡന്റ് കമ്പനി എൻ.സി.സി ഓഫീസ് പ്രവർത്തിക്കുന്ന ചേർത്തല താലൂക്കിൽ ചേർത്തല മുൻസിപ്പാലിറ്റിയിൽപ്പെട്ട CMC/XII/285 B നമ്പർ കെട്ടിടത്തിന്റെ വാടക 19-8-2014 മുതൽ 10693/- ആയി നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി കെട്ടിടത്തിന്റെ വാടക 1-2-2018 മുതൽ പുനർനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, ടി കെട്ടിടത്തിന്റെ അനുവദനീയമായ സ്ഥലം 72.71 സ്ക്വ.മീറ്റർ ആണെങ്കിലും, ടി ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചതു മുതൽ തന്നെ കെട്ടിടത്തിന്റെ മുഴുവൻ സ്ഥലവും (173.312 സ്ക്വയർ മീറ്റർ), ഓഫീസ് ആവശ്യത്തിനും പരിശീലനത്തിന്റെ ആവശ്യത്തിനും, സ്റ്റോറേജ് ആവശ്യത്തിനും, പാർക്കിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിനുമായി ഉപയോഗിച്ച വരികയാണെന്ന് അറിയിക്കുകയും, കേന്ദ്ര എൻ.സി.സി ഡയറക്ടർ ജനറൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം എൻ.സി.സി ബറ്റാലിയൻ ഓഫീസിന് 361.6 സ്ക്വയർ മീറ്റർ ഏരിയവരെ ഉപയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, പ്രസ്തുത ഓഫീസ് നിലവിൽ ഉപയോഗിച്ചുവരുന്ന 173.312 സ്ക്വയർ മീറ്റർ സ്ഥല വിസ്തീർണ്ണത്തിൽ വാടക നിശ്ചയിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ പി.ഡബ്ല്യു.ഡി ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരാമർശം (3) പ്രകാരമുള്ള വാടക നിർണ്ണയ സർട്ടിഫിക്കറ്റിൽ പ്രസ്തുത കെട്ടിടത്തിന്റെ പ്രതിമാസ വാടക 72.71 സ്ക്വയർ മീറ്റർ വിസ്തീർണത്തിന് 13,952/- രൂപയായി നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്യുകയും, ചേർത്തല 1-കേരള ഗേൾസ് ഇൻപെൻഡന്റ് കമ്പനി എൻ.സി.സി ഓഫീസ് നിലവിൽ ഉപയോഗിച്ചുവരുന്ന 173.312 സ്ക്വയർ മീറ്റർ സ്ഥല വിസ്തീർണത്തിന് വാടക നിശ്ചയിക്കുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഓഫീസ് ഉപയോഗിച്ച വരുന്ന കെട്ടിടത്തിന് (അധിക സ്ഥലമുൾപ്പെടെ) കെട്ടിട ഉടമ 15,000/- രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചേർത്തല 1-കേരള ഗേൾസ് ഇൻഡിപെൻഡന്റ് കമ്പനി എൻ.സി.സി. ഓഫീസ് പ്രവർത്തിക്കുന്ന ചേർത്തല താലൂക്കിൽ, ചേർത്തല മുൻസിപ്പാലിറ്റിയിൽപ്പെട്ട CMC/XII/285 B നമ്പർ കെട്ടിടത്തിന്റെ അധിക ഏര്യ ഉൾപ്പെടെയുള്ള വാടക 03-04-2018 മുതൽ 5 വർഷത്തേയ്ക്ക്, പ്രതിമാസം 15000/- രൂപയായി (പതിനയ്യായിരം രൂപ മാത്രം) നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ എസ് ആർ
അഡിഷണൽ സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം.

പൊതുമരാമത്ത് വകുപ്പ് (23-6-2021-ലെ വാടക നിർണ്ണയ സമിതി തീരുമാനപ്രകാരം)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

www.highereducation.kerala.gov.in

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.